2026
JANUARY
22
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യയിലെ ബാങ്കുകൾ കുതിയ്ക്കുന്നു

**ന്യൂഡൽഹി:** മൂന്നാം സാമ്പത്തിക പാദമായ 2025 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ലാഭക്കുതിപ്പ് രേഖപ്പെടുത്തി ഇന്ത്യയിലെ വിവിധബാങ്കുകൾ. ഇന്ത്യയിലെ മുൻനിരയിൽ നിൽക്കുന്ന 20 ബാങ്കുകളിൽ 17 എണ്ണത്തിന്റെയും വിപണി മൂല്യം(Market Capitalisation) വർധിച്ചു. എസ് ബിഐ, എച്ച് ഡിഎഫ് സി, ഐസിഐസിഐ, കൊടക് മഹീന്ദ്ര, ആക്സിസ് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, പഞ്ചാബ് നാഷണൽ ബാങ്ക്, കാനറ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക്, ഐഡിബിഐ ബാങ്ക് തുടങ്ങി 17 മുൻനിരബാങ്കുകളുടെ വിപണിമൂല്യമാണ് ഉയർന്നത്.




ഇതിന് പിന്നിൽ മോദി സർക്കാർ 2025 സെപ്തംബറിൽ പ്രഖ്യാപിച്ച ജിഎസ്ടി ഇളുവകളാണെന്ന് അമേരിക്കൻ ആസ്ഥാനമായ ആഗോള സാമ്പത്തികനിരീക്ഷകരായ സ്റ്റാൻഡേഡ് ആന്റ് പുവേഴ്സ് പറയുന്നത്. ജിഎസ് ടി ഇളവിന് പുറമെ, ഇന്ത്യയിലെ വിവിധ ഉത്സവസീസണുകളിൽ ഉണ്ടായ ഡിമാന്റുകൾ, മെച്ചപ്പെട്ട ബിസിനസ് സാഹചര്യം എന്നിവയും ബാങ്കുകളുടെ സാമ്പത്തിക ഇടപാടിൽ കുതിപ്പുണ്ടാക്കിയെന്ന് സ്റ്റാൻഡേഡ് ആന്റ് പുവേഴ്സ് പറയുന്നു. ദീപാവലി മുതൽ ന്യൂ ഇയർ വരെയുള്ള ആഘോഷങ്ങൾ ബാങ്കുകളുടെ സാമ്പത്തികപ്രവർത്തനം മെച്ചപ്പെടുത്തി.

രണ്ടാം സാമ്പത്തിക പാദത്തിൽ പൊതുമേഖലാബാങ്കുകളാണ് വളർച്ച രേഖപ്പെടുത്തിയതെങ്കിൽ മൂന്നാം സാമ്പത്തികപാദത്തിൽ ചെറുകിട ബാങ്കുകളാണ് വൻതുകിപ്പ് രേഖപ്പെടുത്തിയത്. ഐഡിഎഫ് സി ബാങ്കിന്റെ വിപണിമൂല്യം 43 ശതമാനം കുതിച്ചു. ഫെഡറൽ ബാങ്കിന് 38.6 ശതമാനവും എ യു സ്മാൾ ഫിനാൻസ് ബാങ്ക് 36 ശതമാനവും വിപണിമൂല്യത്തിൽ കുതിച്ചു.

# ഡോളറിന് പകരം ബ്രിക്സ് ഡിജിറ്റൽ കറൻസി, നിർണായക നിർദേശവുമായി ആർബിഐ

**ന്യൂഡൽഹി:** ബ്രിക്സ് രാജ്യങ്ങളിലെ ഔദ്യോഗിക ഡിജിറ്റൽ കറൻസികൾ പരസ്പരം ബന്ധിപ്പിക്കാനുള്ള നിർദേശവുമായി റിസർവ് ബാങ്ക്. അംഗരാജ്യങ്ങൾ തമ്മിലുള്ള വ്യാപാര ഇടപാടുകൾ വേഗത്തിലും എളുപ്പത്തിലും ചെയ്യാൻ ഇതിലൂടെ സാധിക്കുമെന്നാണ് ആർബിഐ കരുതുന്നത്. ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ അമേരിക്കൻ ഡോളറിനെ കൂടുതൽ ആശ്രയിക്കുന്നത് ഒഴിവാക്കാനും സാധിക്കും. അടുത്ത ബ്രിക്സ് ഉച്ചകോടിയിൽ ഇന്ത്യ ഇക്കാര്യം പ്രമേയമായി അവതരിപ്പിക്കണമെന്നും ആർബിഐ കേന്ദ്രസർക്കാരിനോട് നിർദേശിച്ചെന്നാണ് റിപ്പോർട്ട്. ഇന്ത്യയെക്കൂടാതെ ബ്രസീൽ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളാണ് ബ്രിക്സ് അംഗങ്ങൾ.




ബ്രിക്സ് ഡിജിറ്റൽ കറൻസി നീക്കം യുഎസിനെ പ്രകോപിപ്പിക്കാൻ സാധ്യതയുണ്ട്. ബ്രിക്സ് നീക്കം അമേരിക്കൻ വിരുദ്ധമാണെന്നാണ് ട്രംപിന്റെ വാദം. സ്വന്തം കറൻസിയുമായി ബ്രിക്സ് മുന്നോട്ട് നീങ്ങിയാൽ അധിക തീരുവ ചുമത്തുമെന്ന് നേരത്തെ തന്നെ ട്രംപ് പറഞ്ഞിരുന്നു. എന്നാൽ ബ്രിക്സ് കറൻസിയെന്ന ആശയം ഇന്ത്യയുടെ മുന്നിലില്ലെന്നാണ് ഇതുവരെയും കേന്ദ്രസർക്കാർ പറഞ്ഞിരുന്നത്. പുതിയ റിപ്പോർട്ടുകളോട് കേന്ദ്രം ഇതുവരെ പ്രതികരിച്ചിട്ടില്ല. നിലവിൽ മിക്ക രാജ്യങ്ങളുമായും അമേരിക്കൻ ഡോളറിലാണ് ഇന്ത്യ വിദേശ വ്യാപാരം ചെയ്യുന്നത്. ചില രാജ്യങ്ങളുമായി ഇന്ത്യൻ രൂപയിലും ഇടപാടുകൾ നടത്തുന്നുണ്ട്. ബ്രിക്സ് ഡിജിറ്റൽ കറൻസിയിലേക്ക് ഇടപാടുകൾ മാറിയാൽ വിദേശ വ്യാപാര രംഗത്ത് വലിയ മാറ്റമുണ്ടാകുമെന്നാണ് വിലയിരുത്തൽ.

# 2030ഓടെ ഇന്ത്യ ഉയർന്ന ഇടത്തരം വരുമാനമുള്ള രാജ്യങ്ങളുടെ പട്ടികയിലേക്ക് ഉയരും: എസ്ബിഐ

**ന്യൂഡൽഹി:** ഈ പതിറ്റാണ്ടിന്റെ അവസാനത്തോടെ ലോകബാങ്കിൻറെ ഉയർന്നഇടത്തരം വരുമാനമുള്ള രാജ്യങ്ങളുടെ പട്ടികയിലേക്ക് ഇന്ത്യ ഉയരുമെന്ന് എസ്ബിഐ റിപ്പോർട്ട്.

2030ഓടെ രാജ്യത്തിന്റെ ശരാശരി പ്രതിശീർഷ വരുമാനം 4000 ഡോളർ (3.63 ലക്ഷം രൂപ) തൊടുമെന്നും ചൈന, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളടങ്ങുന്ന പട്ടികയിലേക്ക് നാലുവർഷത്തിനകം എത്തുമെന്നും എസ്ബിഐയുടെ റിസർച്ച് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

2028ഓടെ ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സമ്പദ്വ്യവസ്ഥയായി മാറുന്നതിന്റെ പാതയിലാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

മൊത്ത ദേശീയവരുമാനത്തെ (ജിഎൻഐ) അടിസ്ഥാനമാക്കിയുള്ള പ്രതിശീർഷവരുമാനം കണക്കിലെടുത്ത് 1,135 ഡോളറിൽ താഴെ പ്രതിശീർഷവരുമാനമുള്ള രാജ്യങ്ങൾ കുറഞ്ഞ വരുമാനമുള്ള രാജ്യമായും 11364495 ഡോളറിനിടയിലുള്ളത് കുറഞ്ഞഇടത്തരം വരുമാനമുള്ള രാജ്യമായും 449613935 ഡോളർ വരുമാനമുള്ള രാജ്യങ്ങൾ ഉയർന്നഇടത്തരം വരുമാനമുള്ള രാജ്യമായും 13935 ഡോളറിനുമുകളിൽ വരുമാനമുള്ളവയെ ഉയർന്ന വരുമാനമുള്ള രാജ്യമായുമാണ് ലോകബാങ്ക് പട്ടികപ്പെടുത്തുന്നത്.

# ഇന്ത്യയുടെ വളർച്ച 7.3 ശതമാനം: മൂഡീസ്

**ന്യൂഡൽഹി:** മൂഡീസ് റേറ്റിംഗ്സിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ നിരക്ക് 7.3 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തികവളർച്ച കുടുംബങ്ങളുടെ ശരാശരി വരുമാനം വർധിപ്പിക്കുകയും ഇൻഷ്വറൻസ് പരിരക്ഷയ്ക്കുള്ള ആവശ്യകത ഉയർത്തുകയും ചെയ്യും. ഡിജിറ്റലൈസേഷൻ, നികുതി പരിഷ്കാരങ്ങൾ, പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളിൽ ആസൂത്രണംചെയ്തിട്ടുള്ള പരിഷ്കാരങ്ങൾ എന്നിവയുടെ ഫലമായി ഇൻഷ്വറൻസ് പ്രീമിയം തുകയിലുണ്ടാകുന്ന ശക്തമായ വർധന ഇന്ത്യൻ ഇൻഷ്വറൻസ് കമ്പനികളുടെ ലാഭക്ഷമത വർധിപ്പിക്കാൻ സഹായിക്കുമെന്ന് റിപ്പോർട്ട് പറയുന്നു.

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ച മുൻവർഷത്തെ 6.5 ശതമാനത്തിൽനിന്ന് 2025 സാമ്പത്തികവർഷത്തിൽ (2026 മാർച്ച് വരെ) 7.3 ശതമാനമായി വളരുമെന്നാണ് റിപ്പോർട്ട് പറയുന്നത്.

2024-25 സാമ്പത്തികവർഷത്തിൽ പ്രതിശീർഷ ജിഡിപി മുൻ വർഷത്തേക്കാൾ 8.2 ശതമാനം ഉയർന്ന് 11,176 ഡോളറിലെത്തി. മൊത്തം ആഭ്യന്തര ഉത്പാദനം 6.5 ശതമാനമാണ് വളർച്ച നേടിയത്.

ഇന്ത്യയുടെ ശക്തമായ സാമ്പത്തികവളർച്ച 2025-26 സാമ്പത്തികവർഷത്തിന്റെ ആദ്യ എട്ടു മാസങ്ങളിൽ മൊത്തം ഇൻഷ്വറൻസ് പ്രീമിയം വരുമാനത്തിൽ 17 ശതമാനം വർധനയുണ്ടാക്കാൻ സഹായിച്ചു. ഇതോടെ പ്രീമിയം വരുമാനം 10.9 ലക്ഷം കോടി രൂപയായി ഉയർന്നു. ഹെൽത്ത് ഇൻഷ്വറൻസ് പ്രീമിയത്തിൽ 14 ശതമാനവും പുതിയ ലൈഫ് ഇൻഷ്വറൻസ് പ്രീമിയത്തിൽ 20 ശതമാനവും വർധന രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഇൻഷ്വറൻസ് എടുത്തവരുടെ എണ്ണം ഇരട്ടിയിലധികം വർധിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ ഇൻഷ്വറൻസ് പ്രീമിയം വരുമാനം ഏഴു ശതമാനം വർധിച്ച് 11.9 ലക്ഷം കോടിയായിരുന്നു.






# സൂക്ഷ്മജലസേചനത്തിലൂടെ കാർഷിക വിപ്ലവത്തിനൊരുങ്ങി കേരളം

**തിരുവനന്തപുരം:** മാറുന്ന കാലാവസ്ഥയും അപ്രതീക്ഷിതമായ വരൾച്ചയും കേരളത്തിലെ കർഷകർക്ക് വെല്ലുവിളിയാകുമ്പോൾ, ജലസംരക്ഷണത്തിലൂടെ കാർഷിക മേഖലയെ സുരക്ഷിതമാക്കാൻ 100 കോടിയുടെ പദ്ധതിയുമായി കൃഷിവകുപ്പ്. 'പെർ ഡ്രോപ്പ് മോർ ക്രോപ്പ്' അഥവാ ഓരോ തുള്ളി ജലത്തിൽ നിന്നും കൂടുതൽ വിളവ് എന്ന ലക്ഷ്യത്തോടെ കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സൂക്ഷ്മജലസേചന പദ്ധതി കർഷകർക്ക് പുതു പ്രതീക്ഷയേകുകയാണ്. അപ്രതീക്ഷിതമായ അതിശക്തമായ മഴയും നീണ്ടുനിൽക്കുന്ന വരൾച്ചയും കേരളത്തിന്റെ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രകൃതിവിഭവങ്ങൾ കരുതലോടെ ഉപയോഗിക്കുക എന്ന നയത്തിന്റെ ഭാഗമായാണ് സൂക്ഷ്മജലസേചനം പ്രോത്സാഹിപ്പിക്കുന്നത്. ചെടിയുടെ വേരുപടലത്തിലേക്ക് ആവശ്യമായ അളവിൽ മാത്രം വെള്ളം എത്തിക്കുന്ന ഡ്രിപ്പ്, സ്പ്രിംഗ്ലർ രീതികൾ ഇതിലൂടെ വ്യാപകമാക്കും.

ഈ രീതിയിലൂടെ പരമ്പരാഗത രീതികളെ അപേക്ഷിച്ച് 40 മുതൽ 70 ശതമാനം വരെ വെള്ളം ലാഭിക്കാം. വെള്ളത്തോടൊപ്പം വളം ചേർത്ത് നൽകുന്നതിലൂടെ വളത്തിന്റെ ഉപയോഗക്ഷമത 80 ശതമാനം വരെ വർദ്ധിപ്പിക്കാനും വളച്ചെലവ് കുറയ്ക്കാനും സാധിക്കും. തെങ്ങ്, കമുക്, വാഴ, മാവ്, കുരുമുളക്, ഏലം, പച്ചക്കറികൾ എന്നിവയ്ക്കും, അടുത്തടുത്ത് കൃഷി ചെയ്യുന്ന നെല്ല്, പയർ വർഗ്ഗങ്ങൾ എന്നിവയ്ക്കും ഈ സംവിധാനം മികച്ചതാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മൊബൈൽ ഫോണിലൂടെയോ കമ്പ്യൂട്ടറിലൂടെയോ ദൂരെയിരുന്ന് ജലസേചനം നിയന്ത്രിക്കാനുള്ള ഓട്ടോമേഷൻ സംവിധാനവും പദ്ധതിയുടെ ഭാഗമാണ്. ഓട്ടോമേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ഹെക്ടറിന് 40,000 രൂപ വരെ ധനസഹായം ലഭിക്കും.

കർഷകർക്ക് അഞ്ച് ഹെക്ടർ വരെയുള്ള ഭൂമിക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാണ്. ചെറുകിടനാമമാത്ര കർഷകർക്ക് സിസ്റ്റം ചെലവിന്റെ 55 ശതമാനം സബ്സിഡിയും മറ്റ് കർഷകർക്ക് 45 ശതമാനം സബ്സിഡിയും ലഭിക്കും. തെങ്ങ് കർഷകർക്ക് സംസ്ഥാന സർക്കാർ 30 ശതമാനം അധിക സബ്സിഡി കൂടി നൽകുന്നു.

മഴവെള്ള സംഭരണികൾ (90,000 രൂപ വരെ), പമ്പ് സെറ്റുകൾ (15,000 50,000 രൂപ വരെ), ബോർവെൽ പുനരുജ്ജീവിപ്പിക്കൽ എന്നിവയ്ക്കും ധനസഹായം ലഭിക്കും. കർഷകർക്ക് വെബ്സൈറ്റ് മുഖേന ഓൺലൈനായും അപേക്ഷകൾ സമർപ്പിക്കാം. ആധാർ കാർഡ്, ഭൂനികുതി രസീത്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം അപേക്ഷ കൃഷിഭവനിലോ കാർഷിക എൻജിനിയറിങ് ഓഫീസിലോ നൽകണം. വിവരങ്ങൾക്ക് 18004252512 എന്ന നമ്പറിൽ ബന്ധപ്പെടണം.

## ഇന്നത്തെ പരിപാടികൾ

**ഫോർട്ട് കൊച്ചി**

**കൊച്ചിമുസിരിസ് ബിനാലെ**

- **സെന്റ് ആൻഡ്രൂസ് പാരിഷ് ഹാൾ:** ശിൽപ്പശാല രാവിലെ 09 മുതൽ
- **ബാസ്റ്റ്യൻ ബംഗ്ലാവ്, എബിസി ആർട്ട് റൂം :** എക്സ്പിരിമെന്റേഷൻ വിത്ത് ടെക്നിക്സ് ഓഫ് അസംബ്ലിംഗ്, ജോയിനിംഗ് ആൻഡ് കമ്പോസിംഗ് വിത്ത് ഫൗണ്ട് മെറ്റീരിയൽസ്: നിരജ് സത്പതി നയിക്കുന്ന ശിൽപ്പശാല രാവിലെ 10 മുതൽ
- **വാട്ടർ മെട്രോ, എബിസി ആർട്ട് റൂം:** ഫീൽഡ് നോട്ട്സ് ഫ്രം ആൻ എൻടാംഗിൾഡ് വേൾഡ് വർക്ക്ഷോപ്പ് ഓൺ ലേണിംഗ് ത്രൂ എൻകൗണ്ടർ, ട്രെയ്സ് ആൻഡ് റിലേഷൻ മാളവിക ഭാട്ടിയ നയിക്കുന്ന ശിൽപ്പശാല രാവിലെ 10 മുതൽ
- **ബാസ്റ്റ്യൻ ബംഗ്ലാവ്, പവിലിയൻ :** സോയിൽ അസംബ്ലി വൈകുന്നേരം 3.15 മുതൽ

**കൊച്ചി**

- **എറണാകുളം ടൗൺഹാൾ:** സംസ്ഥാനതല തപാൽ സ്റ്റാമ്പ് പ്രദർശനം രാവിലെ 10 മുതൽ
- **എറണാകുളം പിഡബ്ല്യുഡി റെസ്റ്റ് ഹൗസ്:** മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ് രാവിലെ 10 മുതൽ
- **എറണാകുളം മാരിയറ്റ് ഹോട്ടൽ:** കൊച്ചി മാരത്തോൺ ടീ ഷർട്ട് ലോഞ്ച് വൈകിട്ട് ഏഴിന്

**വൈപ്പിൻ**

- **കുഴിപ്പിള്ളി സെന്റ് അഗസ്റ്റിൻ പള്ളി :** പരിശുദ്ധ കന്യാമറിയത്തിന്റെ ദർശന തിരുനാൾ കൊടിയേറ്റ് വൈകിട്ട് 06 ന്

## നോർക്ക റൂട്ട്സ് പ്രവാസി ബിസിനസ് കണക്ട് : ജനുവരി 30നകം രജിസ്റ്റർ ചെയ്യണം

**പാലക്കാട്:** ജില്ലയിലെ പ്രവാസികൾക്കും പ്രവാസിസംരംഭകർക്കുമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ (എൻ.ബി.എഫ്.സി) ആഭിമുഖ്യത്തിൽ ഫെബ്രുവരിയിൽ 'നോർക്കപ്രവാസി ബിസിനസ് കണക്ട്' സംഘടിപ്പിക്കുന്നു. സൗജന്യമായി സംഘടിപ്പിക്കുന്ന ബിസിനസ് കണക്ടിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ജനുവരി 30നകം പേര് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പ്രവേശനം. +91471 2770534/+918592958677 എന്നീ നമ്പറുകളിലോ nbfc.coordinator@gmail.com ലോ രജിസ്റ്റർ ചെയ്യാം. സംരംഭകർ അറിഞ്ഞിരിക്കേണ്ട നിയമ വശങ്ങൾ, ഐഡിയ ജനറേഷൻ, പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന വിധം, സെയിൽസ് ആൻഡ് മാർക്കറ്റിങ്, ജി.എസ്.ടി, വിവിധ ലൈസൻസുകൾ, സർക്കാർ പദ്ധതികൾ, വായ്പാ സൗകര്യങ്ങൾ, വിവിധ ആനുകൂല്യങ്ങൾ തുടങ്ങിയ നിരവധി സെഷനുകളിലായി വിദഗ്ധരുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തിയുള്ളതാണ് 'പ്രവാസി ബിസിനസ് കണക്ട്'. എല്ലാ പ്രവൃത്തി ദിനങ്ങളിലും നോർക്ക ബിസിനസ്സ് ക്ലിനിക്ക് എന്നീ സേവനങ്ങളും പ്രവാസികൾക്ക് എൻ.ബി.എഫ്.സി വഴി ലഭ്യമാണ്.

## ഭക്ഷ്യ ഭദ്രതാ നിയമം: പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ വിലയിരുത്തി

**തൊടുപുഴ:** ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരുന്ന വിവിധ വകുപ്പുകളുടെ ഇടുക്കി ജില്ലയിലെ പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗം അഡ്വ. കെ.എൻ. സുഗതന്റെ സാന്നിധ്യത്തിൽ ചേർന്ന ജില്ലാതല വിജിലൻസ് സമിതി യോഗം വിലയിരുത്തി. ജില്ലയിൽ ഭക്ഷ്യ ഭദ്രതാ പദ്ധതികൾ നല്ല നിലയിൽ നടക്കുന്നതായി യോഗം വിലയിരുത്തി. പദ്ധതി നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യുകയും, ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. വിവിധ വകുപ്പുകളുടെ പദ്ധതി നിർവഹണ ചുമതലയുള്ള ഓഫീസർമാർ കഴിഞ്ഞ മൂന്നു മാസക്കാലയാളവിൽ തങ്ങളുടെ വകുപ്പ് നടപ്പിലാക്കിയ ഭക്ഷ്യ ഭദ്രതാ പദ്ധതി നിർവഹണത്തിന്റെ പ്രവർത്തന റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിച്ചു. എ.ഡി. എം ഷൈജു.പി. ജേക്കബ് അധ്യക്ഷത വഹിച്ചു.

യോഗത്തിൽ ജില്ലാ സപ്ലൈ ഓഫീസർ ശ്രീ. ബൈജു. കെ. ബാലൻ, ഐ. സി. ഡി. എസ് ജില്ലാ പ്രോഗ്രാം ഓഫീസർ പി. ജി മഞ്ജു, ജില്ലാ നൂൺ മീൽ സൂപ്പർ വൈസർ ശ്രീകല, പൊതുപ്രവർത്തകനായ എം. ജെ. മാത്യു, എഫ്. സി. ഐ. മാനേജർ ലക്ഷ്മി. എസ്. ഷേണായ്, വിജിലൻസ് സമിതി അംഗങ്ങൾ, പൊതുവിതരണ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്,വനിതാ ശിശു വികസന വകുപ്പ്, എഫ്. സി. ഐ, സപ്ലൈക്കോ, എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഇടുക്കി മെഡിക്കൽ കോളേജ്: പുതിയ ഓപ്പറേഷൻ തീയറ്റർ ഉടൻ തുറക്കും

**ചെറുതോണി:** ഇടുക്കി മെഡിക്കൽ കോളേജിൽ കാഷ്വാലിറ്റിയോട് ചേർന്ന് പുതിയ എമർജൻസി ഓപ്പറേഷൻ തീയറ്റർ ഉടൻ പ്രവർത്തനം ആരംഭിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന മെഡിക്കൽ കോളേജ് ആശുപത്രി മാനേജ്മെന്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. തീയറ്ററിന്റെ പ്രവർത്തനത്തിനാവശ്യമായ അസിസ്റ്റന്റ് പ്രൊഫസർ, സീനിയർ റസിഡന്റ്, സ്റ്റാഫ് നേഴ്സ് തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കും. മൂന്ന് അസിസ്റ്റന്റ് പ്രൊഫസർമാരുടെയും രണ്ട് സീനിയർ റസിഡന്റുമാരുടെയും ഒഴിവുകളാണ് നിലവിലുള്ളത്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ വേഗത്തിൽ നിയമന നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഇടപെടൽ തേടും. പുതിയ ഓപ്പറേഷൻ തീയറ്ററും, കൂടുതൽ തസ്തികകളും വരുന്നതോടെ മെഡിക്കൽ കോളജ് വിദ്യാർഥികൾക്കും രോഗികൾക്കും ഏറെ പ്രയോജനം ലഭിക്കും. ഓപ്പറേഷൻ തീയറ്റർ പ്രവർത്തനക്ഷമമാകുന്നതോടെ സർജറി, ഓർത്തോ വിഭാഗങ്ങൾക്ക് കൂടി ഇവിടേക്ക് മാറ്റാൻ കഴിയും. കൂടാതെ വിദ്യാർത്ഥികളുടെ പഠനത്തിനും സൗകര്യമൊരുക്കാൻ സാധിക്കും. 21ന് മെഡിക്കൽ കോളേജ് വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ആരോഗ്യമന്ത്രി വീണാ ജോർജിന്റെ സാന്നിധ്യത്തിൽ യോഗം ചേരും. മെഡിക്കൽ കോളേജ് നിർമ്മാണ ചുമതല ഏറ്റെടുത്തിരിക്കുന്ന കിറ്റ്കോയുടെ എം.ഡി, സീനിയർ പ്രോജക്ട് മാനേജർ എന്നിവരും യോഗത്തിൽ പങ്കെടുക്കും. മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ ഉന്നയിച്ച വിഷയങ്ങൾ ആരോഗ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.യോഗത്തിൽ ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ട് അധ്യക്ഷത വഹിച്ചു. ഹോസ്പിറ്റൽ മാനേജ്മെന്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം സി.വി വർഗീസ്, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. സുരേഷ് വർഗീസ്, മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## റേഷൻ വ്യാപാരികളുടെ വേതന പരിഷ്കരണം ജനുവരി മുതൽ: മന്ത്രി ജി ആർ അനിൽ

**തിരുവനന്തപുരം:** റേഷൻ വ്യാപാരികളുടെ വേതന പാക്കേജുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി ഭക്ഷ്യ ധനകാര്യ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ റേഷൻ വ്യാപാരികളുടെ വേതനം 2026 ജനുവരി 1 മുതൽ പരിഷ്കരിക്കാൻ ധാരണയായതായി മന്ത്രി ജി.ആർ.അനിൽ അറിയിച്ചു. പ്രതിമാസം 15 ക്വിന്റൽ വരെയുള്ള വിതരണത്തിന് കമ്മീഷൻ 6800 രൂപയും 15 ക്വിന്റലിനു മുകളിൽ 45 ക്വിന്റൽ വരെയുള്ള വിതരണത്തിന് അടിസ്ഥാന കമ്മീഷൻ 9000 രൂപയും വിതരണം നടത്തുന്ന ഓരോ ക്വിന്റലിനും 270 രൂപ നിരക്കിലും 45 ക്വിന്റലിനു മുകളിൽ അടിസ്ഥാന കമ്മീഷൻ 21000 രൂപയും 45 ക്വിന്റലിനു മുകളിൽ വിതരണം നടത്തുന്ന ഓരോ ക്വിന്റലിനും 200 രൂപ നിരക്കിലും വേതനം പരിഷ്കരിക്കാൻ തീരുമാനമായി.

പരിഷ്കരിച്ച പാക്കേജു പ്രകാരം നിലവിൽ വ്യാപാരികൾക്കുള്ള പരമാവധി അടിസ്ഥാന വേതനം 18000 രൂപയിൽ നിന്ന് 21000 രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ അധിക കമ്മീഷൻ 180 രൂപ എന്നുള്ളത് 270 രൂപയായും വർധിപ്പിച്ചു. പുതിയ വർദ്ധനവ് 2026 ജനുവരി മുതൽ നടപ്പിലാക്കും. വളരെ കാലമായി റേഷൻ വ്യാപാരികൾ ഉന്നയിച്ച വേതന പാക്കേജ് നടപ്പിലാക്കിയ സർക്കാറിന് എല്ലാ സംഘടനകളും അഭിനന്ദനം അറിയിച്ചു. പാക്കേജ് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി മാസം മുതൽ നടത്താൻ തീരുമാനിച്ച റേഷൻ വ്യാപാരി കൂട്ടായ്മ സമരം പിൻവലിച്ചതായി വ്യാപാരി സംഘടനകൾ അറിയിച്ചതായും മന്ത്രി പറഞ്ഞു.

# ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് സാധ്യതകൾ ലക്ഷ്യമിട്ട് ഡിടിപിസി

**ദേവികുളം:** ദേവികുളത്ത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കൈവശമുള്ള അഞ്ച് ഏക്കർ റവന്യൂ ഭൂമിയിൽ ടൂറിസം പദ്ധതിക്കായി മാസ്റ്റർ പ്ലാൻ തയാറാക്കാൻ തീരുമാനം. മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ടിന്റെ സാന്നിധ്യത്തിൽ ചേർന്ന ഡിടിപിസി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം. ഇവിടുത്തെ ഭൂപ്രകൃതിക്ക് അനുയോജ്യമായ വിധത്തിൽ കോൺഫറൻസ് ഹാളും ഗസ്റ്റ് ഹൗസും ഉൾപ്പെടെയുള്ള പദ്ധതി തയാറാക്കാനാണ് തീരുമാനം. പൊതുമരാമത്ത് വകുപ്പ്, ഡിടിപിസി, ദുരന്തനിവാരണ അതോറിറ്റി ഹസാർഡ് അനലിസ്റ്റ് എന്നിവരുൾപ്പെടുന്ന സംഘം സ്ഥലം സന്ദർശിച്ച് മാസ്റ്റർ പ്ലാൻ തയാറാക്കും.

ആയിരം പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാൾ, വിഐപി ഹാൾ എന്നിവ നിർമ്മിക്കാനാകുമോ എന്ന് പരിശോധിക്കും. കോൺഫറൻസ് ഹാൾ ആരംഭിക്കാനായാൽ മൂന്നാറിൽ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് പോലുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് യോഗം വിലയിരുത്തി.

വാഗമൺ അഡ്വഞ്ചർ പാർക്കിലെ രണ്ട് ടോയ്ലെറ്റുകളുടെയും മൂന്നാർ ടൗണിലെ ടോയ്ലെറ്റ് കെട്ടിടത്തിന്റെയും അറ്റകുറ്റപ്പണിക്കായുള്ള എസ്റ്റിമേറ്റിന് യോഗം അംഗീകാരം നൽകി. ഹിൽവ്യൂ പാർക്കിൽ പാർക്കിംഗ് ഏരിയ വികസിപ്പിക്കുന്നതിന് 35 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള എസ്റ്റിമേറ്റിനും അംഗീകാരം നൽകി.

ഡിടിപിസിയുടെ തനത് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പുരോഗമിക്കുന്ന രാമക്കൽമേട് ടൂറിസം കേന്ദ്രം അറ്റകുറ്റപ്പണികൾ, വാഗമൺ അഡ്വഞ്ചർ പാർക്ക് വാച്ച് ടവർ പെയിന്റിംഗ്, പാർക്കിലെ യുജി കേബിൾ ജോലികൾ, പാഞ്ചാലിമേട് ടൂറിസം കേന്ദ്രം അറ്റകുറ്റപ്പണികൾ തുടങ്ങിയ ജോലികൾ അവസാനഘട്ടത്തിലാണെന്ന് യോഗത്തിൽ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മണ്ണിന്റെ സംരക്ഷണത്തിന് പ്രാദേശിക ജനതയുടെ അതിജീവനം നിർണായകം

**കൊച്ചി:** ലോകത്തിൽ അതിവേഗം നശിച്ചു കൊണ്ടിരിക്കുന്ന മണ്ണിനെ സംരക്ഷിക്കുന്നതിന് പ്രാദേശിക ജനതയുടെ അതിജീവനം അത്യാവശ്യമാണെന്ന് കൊച്ചി മുസിരിസ് ബിനാലെയിൽ നടന്ന ദി സോയിൽ അസംബ്ലി സമ്മേളനം അഭിപ്രായപ്പെട്ടു. മണ്ണിനെക്കുറിച്ചുള്ള ബോധവത്കരണം ശരിയായ രീതിയിൽ നടത്തിയില്ലെങ്കിൽ രണ്ട് പതിറ്റാണ്ടിനകം തന്നെ വലിയ പ്രത്യാഘതം നേരിടേണ്ടി വരുമെന്ന് നാല് ദിവസത്തെ സമ്മേളനത്തിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു.

മണ്ണുമായി ബന്ധപ്പെട്ട ഇത്തരം അന്താരാഷ്ട്ര ഇടപെടലുകൾ വർത്തമാനകാലത്ത് നടത്തുന്നതിന് വ്യക്തമായ രാഷ്ട്രീയബോധം വേണമെന്ന് പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തിയ കൊച്ചി ബിനാലെ ഫൗണ്ടേഷൻ സഹസ്ഥാപകനായ ബോസ് കൃഷ്ണമാചാരി ചൂണ്ടിക്കാട്ടി. സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങളെ സമകാലീന കലയിലൂടെ അവതരിപ്പിക്കുമ്പോൾ അതിന് ലഭിക്കുന്ന സ്വീകാര്യത വലുതാണെന്ന് ബോസ് ചൂണ്ടിക്കാട്ടി. രാജ്യാന്തര തലത്തിൽ ഇത്തരം വിഷയങ്ങളെ അവതരിപ്പിക്കുന്നതിന് സംഘാടകർ പ്രദർശിപ്പിക്കുന്ന ധൈര്യവും പ്രശംസനീയമാണെന്ന് അദ്ദേഹം പറഞ്ഞു.

പെഡ്രോ സോളർ, ഡാനിയേല മോറേനോ എന്നിവർ ഇക്വഡോറിലെ ജനങ്ങളുടെ അതിജീവനത്തിനെക്കുറിച്ചുള്ള ഹ്രസ്വചിത്രം പ്രദർശിപ്പിച്ചു. സോയിൽ അസംബ്ലിയുടെ ക്യൂറേറ്റർ മീന വാരി, കൊച്ചി ബിനാലെ ഫൗണ്ടേഷൻ ഡയറക്ടർ ഓഫ് പ്രോഗ്രാംസ് മാരിയോ ഡിസൂസ, സാമൂഹ്യപ്രവർത്തകനായ മനോജ് കുമാർ, അസുൻസിയോൺ മോലിനോസ് ഗോർഡോ, റാമോൺ ഗ്രെൻഡേൻ തുടങ്ങിയവർ സംസാരിച്ചു.

ശിൽപ്പശാലയിൽ ചതുപ്പ് നിലങ്ങൾ, കണ്ടൽക്കാടുകൾ, സമുദ്ര വ്യാപാരം, മണ്ണിലെ സൂക്ഷ്മ ജീവജാലങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളിൽ സെഷനുകൾ നടക്കും. കേരളത്തിലെ തീരദേശങ്ങളുടെ ശോച്യാവസ്ഥ വിവരിക്കുന്ന ആരതി എം ആർ സംവിധാനം ചെയ്ത ഉപ്പുവീടുകൾ അടക്കം മൂന്ന് ഹ്രസ്വചിത്രങ്ങളും പ്രദർശിപ്പിക്കും.ബ്രസീൽ, ചൈന, ജപ്പാൻ, ഇന്തോനേഷ്യ, സ്പെയിൻ, ഇറ്റലി എന്നിവിടങ്ങളിൽ നിന്നുള്ള കലാകാരന്മാർ ഇതിൽ പങ്കുചേരും. രണ്ടാം ദിവസമായ ബുധനാഴ്ച മംഗളവനം പക്ഷി സങ്കേതത്തിൽ പ്രത്യേകം സെഷനും സംഘടിപ്പിക്കുന്നുണ്ട്. പരിസ്ഥിതി പ്രവർത്തക ശ്രുതി തേരായിലിന്റെ നേതൃത്വത്തിൽ ചുറ്റുമുള്ള ഭക്ഷ്യയോഗ്യമായ കാട്ടുചെടികളെ പരിചയപ്പെടുത്തുന്ന സെഷനും ഉണ്ടാകും.

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം 2028ൽ നിർമ്മാണം പൂർത്തീകരിക്കും: മന്ത്രി വി.എൻ വാസവൻ

## വിഴിഞ്ഞം തുറമുഖം തുടർഘട്ട വികസനപ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം ജനുവരി 24ന്

**തിരുവനന്തപുരം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം 2028ൽ പൂർത്തീകരിക്കുമെന്നും അടുത്ത ഘട്ടങ്ങളുടെ നിർമ്മാണോദ്ഘാടനം ജനുവരി 24ന് വൈകീട്ട് 4ന് മുഖ്യമന്ത്രി നിർവ്വഹിക്കുമെന്നും തുറമുഖ വകുപ്പ് മന്ത്രി വി.എൻ വാസവൻ. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർഘട്ട വികസനപ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനവുമായി ബന്ധപ്പെട്ട സംഘാടക സമിതി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.



വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ആദ്യ കരാർ പ്രകാരം 2045ൽ നിർമ്മാണം പൂർത്തിയാക്കുമെന്നായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ പുതുക്കിയ കരാർ പ്രകാരം 2028ൽ പദ്ധതി പൂർണ്ണത കൈവരിക്കും. 10,000 കോടി രൂപയാണ് പദ്ധതിക്കായി ചെലവിടുന്നത്. 2024 ഡിസംബർ 3ന് ആണ് വാണിജ്യാടിസ്ഥാനത്തിലുള്ള തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിനോടകം 670 ഷിപ്പുകളിലായി 14.5 ലക്ഷം കണ്ടെയ്നറുകൾ തുറമുഖത്ത് എത്തി. ലോകത്തിലെ കൂറ്റൻ മദർഷിപ്പുകൾക്ക് തുറമുഖത്ത് എത്തിച്ചേരാൻ കഴിഞ്ഞത് അഭിമാന നേട്ടമാണെന്നും മന്ത്രി പറഞ്ഞു.

മുമ്പ് നിശ്ചയിച്ച ലക്ഷ്യത്തിന് അപ്പുറത്തേക്ക് പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു. വിഴിഞ്ഞം തുറമുഖം പ്രകൃതിദത്തമായ സൗന്ദര്യത്തോടെ നിലനിൽക്കുന്ന ഒന്നാണ്. കണ്ടെയ്നറുകളുടെ കരമാർഗ്ഗമുള്ള നീക്കത്തിനായി അപ്രോച്ച് റോഡും നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനവും 24ന് നടക്കും. കേന്ദ്ര തുറമുഖ വകുപ്പ് മന്ത്രി, സംസ്ഥാനത്തെ മറ്റ് മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. സാമ്പത്തിക, കാർഷിക, തൊഴിൽ മേഖലകളിൽ വൻ പുരോഗതിയാണ് വിഴിഞ്ഞം പദ്ധതിയിലൂടെ യാഥാർത്ഥ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ വളരെ വേഗത്തിൽ പരിഹരിക്കുമെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച എല്ലാ ആശങ്കകൾക്കും പരിഹാരം ഉണ്ടാകും. മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം ഒരിക്കലും തടസ്സപ്പെടുത്താൻ അനുവദിക്കില്ലെന്ന നിലപാടാണ് സർക്കാർ എടുത്തിട്ടുള്ളത്.

ഇത് ഒരു രാഷ്ട്രീയ പ്രശ്നമായി കാണാതെ നാടിന്റെ വികസനമായി കാണണം. തൊഴിൽ നഷ്ടപ്പെട്ടവർക്ക് ഇതുവരെ 116 കോടി രൂപ കൈമാറാൻ കഴിഞ്ഞു. കുടിവെള്ള പ്രശ്നം പരിഹരിച്ചു. വിഴിഞ്ഞം പ്രദേശത്തെ സ്കൂളുകളുടെ വികസനം സാധ്യമാക്കി. കരമടി തൊഴിലാളികളുടെ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് മന്ത്രി പറഞ്ഞു.

മന്ത്രി വി.ശിവൻകുട്ടി മുഖ്യരക്ഷാധികാരിയായും മന്ത്രിമാരായ ജി.ആർ അനിൽ, സജി ചെറിയാൻ രക്ഷാധികാരികളായും സംഘാടക സമിതി രൂപീകരിച്ചു. മന്ത്രി വി.എൻ വാസവനാണ് ചെയർമാൻ. എംഎൽഎമാരായ കടകംപള്ളി സുരേന്ദ്രൻ, ഡി.കെ മുരളി, വി.ജോയ്, എം.വിൻസെന്റ് എന്നിവരാണ് വൈസ് ചെയർമാൻമാർ. തുറമുഖം സെക്രട്ടറി എ. കൗശിഗൻ ആണ് കൺവീനർ.

എം.പിമാരായ ശശി തരൂർ, അടൂർ പ്രകാശ്, എ.എ റഹീം, ജോൺ ബ്രിട്ടാസ്, എംഎൽഎമാരായ വി.കെ പ്രശാന്ത്, ജി.സ്റ്റീഫൻ, എ.കെ ശശീന്ദ്രൻ, ഐ.ബി സതീഷ്, കെ.ആൻസലൻ, വി.ശശി, ഒ.എസ് അംബിക, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ ദിവ്യ എസ്.അയ്യർ, എ.വി.പി.പി.എൽ സിഇഒ പ്രദീപ് ജയരാമൻ, മാങ്കോട് രാധാകൃഷ്ണൻ, ശക്തൻ നാടാർ, കരമന ജയൻ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

എംഎൽഎമാരായ എം.വിൻസെന്റ്, വി.ജോയ്, സബ് കളക്ടർ ആൽഫ്രഡ് ഒ.വി, പോർട്ട് സെക്രട്ടറി എ കൗശിഗൻ, എവിപിപിഎൽ സിഇഒ പ്രദീപ് ജയരാമൻ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ എം.ഡി ദിവ്യ എസ് അയ്യർ, സാമുദായിക സംഘടനകളുടെ പ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് വിദ്യാഭ്യാസ ജില്ലാതല മത്സരം 22 ന്

**ആലപ്പുഴ:** കേരളത്തിന്റെ സാമൂഹിക പുരോഗമന ചരിത്രം അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരത്തിലെ സ്കൂൾതല വിദ്യാഭ്യാസ ജില്ലാ മത്സരം ജനുവരി 22 ന് നടക്കും. സ്കൂൾതല പ്രാരംഭഘട്ട മത്സരത്തിൽ വിജയികളായ രണ്ട് ടീമുകൾ വീതം വിദ്യാഭ്യാസ ജില്ലാ മത്സരത്തിൽ പങ്കെടുക്കും. രാവിലെ 9 മുതൽ വിദ്യാഭ്യാസ ജില്ലയിലെ ക്വിസ് കേന്ദ്രങ്ങളിൽ രജിസ്ട്രേഷൻ ആരംഭിക്കും. 11 മുതൽ സംസ്ഥാന വ്യാപകമായി മത്സരം നടക്കും.

വിദ്യാഭ്യാസ ജില്ലാതല ഘട്ടത്തിൽ വിജയിക്കുന്ന 10 ടീമുകൾ ജില്ലാതല മത്സരത്തിലേക്ക് യോഗ്യത നേടും. തുടർന്ന് ഫെബ്രുവരി മൂന്നാം വാരം ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് ഗ്രാൻഡ് ഫിനാലെ നടക്കും. സ്കൂൾതല ഫൈനൽ മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് അഞ്ച് ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് മൂന്ന് ലക്ഷം രൂപയും മൂന്നാം സ്ഥാനക്കാർക്ക് രണ്ട് ലക്ഷം രൂപയുമാണ് സമ്മാനത്തുകയായി ലഭിക്കുക. പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രശസ്തി പത്രവും മെമന്റോയും സമ്മാനമായി നൽകും.

ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസിന്റെ ആദ്യഘട്ട മത്സരത്തിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ ഉൾപ്പടെ അയ്യായിരത്തോളം വിദ്യാലയങ്ങളിലും വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിന്നായി അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു.

# ആലപ്പുഴ ജില്ലയിലെ ആദ്യ കുടുംബശ്രീ കേരള ചിക്കൻ ഔട്ട് ലെറ്റ് പ്രവർത്തനം തുടങ്ങി

**ആലപ്പുഴ:** ആലപ്പുഴ ജില്ലയിലെ ആദ്യ കുടുംബശ്രീ കേരള ചിക്കൻ ഔട്ട് ലെറ്റ് കുട്ടനാട് മണ്ഡലത്തിലെ കൈനടിയിൽ തോമസ് കെ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ഇറച്ചിക്കോഴി വിലവർധനയ്ക്ക് പരിഹാരം കാണുക, വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ചിക്കൻ ലഭ്യമാക്കുക, നാട്ടിൽ ഉല്പാദിപ്പിക്കുന്ന സംശുദ്ധമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക, ഫ്രോസൺ ചെയ്ത മൂല്യ വർധിത ഉൽപന്നങ്ങൾ നാടെങ്ങും എത്തിക്കുക, ഗ്രാമ, നഗരപ്രദേശങ്ങളിലും കുടുംബശ്രീ ചിക്കൻ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, കുടുംബശ്രീ/ ഓക്സിലറി അംഗങ്ങൾക്ക് വരുമാനമാർഗം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് കുടുംബശ്രീ കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നത്.

2017 ൽ ആരംഭിച്ച പദ്ധതിയുടെ ഒമ്പത് ഫാമുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീ / ഒക്സിലറി അംഗങ്ങളുടെ നേതൃത്വത്തിലാണ് ഔട്ട് ലൈറ്റുകളുടെയും ഫാമുകളുടെയും പ്രവർത്തനം. സംസ്കരിച്ച കോഴിയിറച്ചി ഉൽപ്പന്നങ്ങളായ ചിക്കൻ നഗട്സ്, ഹോട്ട് ഡോഗ് തുടങ്ങിയവ ഗുണമേന്മയോടെ വിലക്കുറവിൽ ഔട്ട്ലെറ്റുകൾ വഴി വിൽക്കുവാനും പദ്ധതിയുണ്ട്.

ചടങ്ങിൽ നീലംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ വിനയചന്ദ്രൻ അധ്യക്ഷനായി. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ എസ് രഞ്ജിത്ത് പദ്ധതി വിശദീകരണം നടത്തി. ഗ്രാമപഞ്ചായത്തംഗങ്ങളായ രാജി ഷാജി, ജയ സൈഗാൾ, കുടുംബശ്രീ ജില്ലാ മിഷൻ അസിസ്റ്റന്റ് കോഓർഡിനേറ്റർ ടെസ്സി ബേബി, അസിസ്റ്റൻറ് ജില്ലാമിഷൻ കോ ഓർഡിനേറ്റർ അനന്താ രാജൻ, കേരള ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാർക്കറ്റിങ് മാനേജർ എസ് എസ് ശ്രുതി, കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ സി എസ് സുചിത്ര, സിഡിഎസ് ചെയർപേഴ്സൺമാരായ ഇ പി മഞ്ജുഷ, കെ സി ഷേർളി, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ജില്ലാ കേരളോത്സവം 2026; സംഘാടക സമിതി രൂപീകരിച്ചു

**ആലപ്പുഴ:** ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന യുവജന ക്ഷേമബോർഡിന്റെയും നേതൃത്വത്തിൽ ജനുവരി അവസാന വാരം കഞ്ഞിക്കുഴിയിൽ സംഘടിപ്പിക്കുന്ന ജില്ലാ കേരളോത്സവത്തിന്റെ സംഘാടക സമിതി രൂപീകരിച്ചു. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന സംഘാടക സമിതി രൂപീകരണ യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ മഹേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ജില്ലയിലെ എംപിമാർ, എംഎൽഎമാർ, ജില്ലാ കളക്ടർ എന്നിവർ രക്ഷാധികാരികളായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാതല സംഘാടകസമിതി രൂപീകരിച്ചു.

ജില്ലയിലെ നഗരസഭാ അധ്യക്ഷൻമാർ , ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലയുടെ ചുമതലയുള്ള/ ജില്ലയിലെ മറ്റ് യുവജനക്ഷേമ ബോർഡ് അംഗങ്ങൾ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻമാർ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എന്നിവരാണ് സംഘാടക സമിതി വൈസ് ചെയർമാൻമാർ. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുധർമ്മിണി തമ്പാൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ഷീന സനൽകുമാർ, സ്ഥിരം സമിതി അധ്യക്ഷൻമാരായ അഡ്വ. ആർ രാഹുൽ, എസ് രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ വിജയശ്രീ സുനിൽ, ലിഷ അനുപ്രസാദ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

# മനുഷ്യാവകാശ കമ്മീഷന് വാട്ടർ അതോറിറ്റിയുടെ ഉറപ്പ്: ഗ്രീൻ മെഡോസിൽ വെറ്റ് വെൽ സ്ഥാപിക്കില്ല

**കൊച്ചി:** കൊച്ചിയിലെ വീടുകളിലെയും ഫ്ളാറ്റുകളിലെയും മലിനജലം ശുദ്ധീകരിച്ച് കനാലിലേക്ക് ഒഴുക്കുന്ന മുട്ടാർ മലിനജല സംസ്ക്കരണ പ്ലാന്റിനാവശ്യമായ വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ ജനസാന്ദ്രതയുള്ള തേവര പേരണ്ടൂർ കനാലിന് (ഗ്രീൻ മെഡോസ് റോഡ്) സമീപം സ്ഥാപിക്കില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസിന് കേരള ജല അതോറിറ്റി ഉറപ്പു നൽകി. ജനസാന്ദ്രതയുള്ള സ്ഥലത്ത് നിന്ന് വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ മാറ്റണമെന്ന നാട്ടുകാരുടെ പരാതിയിൽ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കേരള ജല അതോറിറ്റിയുടെ തീരുമാനം. സാങ്കേതിക സൗകര്യങ്ങളുള്ള മറ്റൊരു സ്ഥലം കണ്ടെത്തി പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കുമെന്ന് ജല അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ കമ്മീഷനെ അറിയിച്ചു. കൊച്ചി മെട്രോക്ക് വേണ്ടി കേരള ജല അതോറിറ്റിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി നോർത്ത് വില്ലേജിലെ 81, 82 സർവ്വേ നമ്പറുകളിൽ നിന്നായി 7.91 ആർ ഭൂമിയേറ്റെടുത്ത് വെറ്റ് വെൽ നിർമ്മിക്കുന്നതിനായിരുന്നു പദ്ധതി.

കൊച്ചിയിലെ പേരണ്ടൂർ, ഇടപ്പള്ളി കനാലുകളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം അപകടകരമായ നിലയിൽ കണ്ടെത്തിയതിനെ തുടർന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ ചെന്നൈ ബഞ്ച് കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഇതിനെ തുടർന്നാണ് കായൽ പുനർജീവന പദ്ധതിയുടെ ഭാഗമായി മുട്ടാർ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ കൊച്ചി മെട്രോ ലിമിറ്റഡിനെ ഏൽപ്പിച്ചത്. പ്ലാന്റിനാവശ്യമായ വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ ഗ്രീൻ മെഡോസ് റോഡിൽ സ്ഥാപിക്കാൻ തീരുമാനിച്ചപ്പോഴാണ് മനക്കപറമ്പ് റോഡ് റെസിഡൻസ് അസോസിയേഷൻ പരാതിയുമായി മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചത്. സമീപത്തെ നഗരസഭകളിൽ നിന്നുള്ള മലിനജലം ഗ്രീൻ മെഡോസ് വെറ്റ് വെല്ലിൽ എത്തിച്ച് ശുദ്ധീകരിക്കാൻ പദ്ധതിയുണ്ടെന്ന് നാട്ടുകാർ ആരോപിച്ചു. സ്കൂളും അംഗനവാടിയുമുള്ള പ്രദേശത്ത് ശാസ്ത്രീയ പഠനം നടത്താതെയാണ് വെറ്റ് വെൽ സ്ഥാപിക്കുന്നതെന്നും നാട്ടുകാർ പരാതിപ്പെട്ടു. അസോസിയേഷന് വേണ്ടി അഖിൽ സോമനാണ് പരാതി നൽകിയത്. കമ്മീഷൻ സിറ്റിംഗിൽ മലിനീകരണ നിയന്ത്രണ ബോർഡ്, വാട്ടർ അതോറിറ്റി, കെ.എം. ആർ. എൽ. പ്രതിനിധികൾ ഹാജരായിരുന്നു.




# ഒരുലക്ഷം സൗജന്യ ഡയാലിസിസുകൾ പൂർത്തിയാക്കി ആൽഫ ഡയാലിസിസ്

**തൃശൂർ:** പ്രവർത്തനം തുടങ്ങി അഞ്ചു വർഷം പൂർത്തിയാകുന്നതിനു മുമ്പ് ഒരു ലക്ഷം സൗജന്യ ഡയാലിസിസുകൾ എന്ന നേട്ടം കൈവരിച്ച് ആൽഫ ഡയാലിസിസ് സെന്റർ. ഒരു ലക്ഷം സൗജന്യ ഡയാലിസിസുകൾ എന്ന ലക്ഷ്യം നേടിയതിനോടനുബന്ധിച്ച് ആൽഫ ഡയാലിസിസ് സെന്ററിൽ നടന്ന ആഘോഷം കേക്ക് മുറിച്ച് മധുരം പങ്കിട്ടുകൊണ്ട് ചെയർമാൻ കെ.എം. നൂർദീൻ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ഡയറക്ടർ ഡോ. ജോസ് ബാബു, കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരൻ, ഡയാലിസിസ് എക്സിക്യൂട്ടീവ് കൗൺസിൽ പ്രസിഡന്റ് പി.എഫ്. ജോയ്, സെക്രട്ടറി പി.ജയരാജൻ, ട്രഷറർ രാജീവ് എം.കെ, ഹോസ്പീസ് അഡ്മിനിസ്ട്രേഷൻ മാനേജർ സന്ധ്യ സുജീത്ത് തുടങ്ങിയവർ സംസാരിച്ചു.

തൃശൂർ എടമുട്ടത്തെ ആൽഫ ഹോസ്പീസിന്റെ ഭാഗമായി 2021 ഫെബ്രുവരിയിൽ 15 മെഷീനുകളോടെയായിരുന്നു സെന്ററിന്റെ തുടക്കം. നിലവിൽ 32 മെഷീനുകളിൽ മൂന്നു ഷിഫ്റ്റ് പ്രവർത്തിച്ചാണ് സെന്റർ ഈ ലക്ഷ്യം കൈവരിച്ചത്.

കോവിഡ് കാലത്ത് ഡയാലിസിസ് സെന്ററുകൾ അടച്ചുപൂട്ടിയിരുന്നപ്പോൾ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ആൽഫ ഡയാലിസിസ് സെന്റർ കോവിഡ് ബാധിതർക്കായി നാലാമതൊരു ഷിഫ്റ്റ് കൂടി പ്രവർത്തിപ്പിച്ചത് ഒട്ടേറെ പ്രശംസ നേടിയിരുന്നു. സെന്ററിലെ ഡയാലിസിസ് മെഷീനുകളെല്ലാം തന്നെ വ്യക്തികളും സംഘടനകളും സ്പോൺസർഷിപ്പായി നൽകിയതാണ്. ഒപ്പം ഡയാലിസിസ് രോഗികളെ സ്പോൺസർ ചെയ്യുന്നവരും പ്രതിമാസ ഡയാലിസിസുകൾ സ്പോൺസർ ചെയ്യുന്നവരുടെ കൂട്ടായ്മയായ ഹാപ്പിനെസ് ക്ലബ് അംഗങ്ങളുമടങ്ങുന്നവരാണ് ഈ നേട്ടങ്ങൾക്കു പിന്നിലെന്ന് ആൽഫ ചെയർമാൻ കെ.എം. നൂർദീൻ അറിയിച്ചു. ഡയാലിസിസ് സൂപ്പർവൈസർ ജിതുൻ ജോർജിന്റെ നേതൃത്വത്തിലുള്ള 21 ടെക്നിക്കൽ സ്റ്റാഫും 4 ഓഫീസ് സ്റ്റാഫും 5 ഹൗസ്കീപ്പിംഗ് സ്റ്റാഫുമടങ്ങുന്നതാണ് ആൽഫ ഡയാലിസിസ് ടീം. ഒപ്പം മെഡിക്കൽ ഓഫീസർ, പാർട് ടൈം നെഫ്രോളജിസ്റ്റ് എന്നിവരും സെന്ററിന്റെ ഭാഗമായിട്ടുണ്ട്.

## ക്രഷ് ഹെൽപ്പർ നിയമനം

**കണ്ണൂർ:** വനിതാ ശിശുവികസന വകുപ്പിന് കീഴിലെ സൗത്ത് ബസാർ അങ്കണവാടിയിൽ ആരംഭിക്കുന്ന അങ്കണവാടി കം ക്രഷ് പദ്ധതിയിലേക്ക് ക്രഷ് ഹെൽപ്പർ തസ്തികയിലേക്ക് നിശ്ചിത യോഗ്യതയുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷാ ഫോം യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ജനുവരി 27 ന് വൈകീട്ട് അഞ്ച് മണിക്കകം കണ്ണൂർ അർബൻ ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കണം. അപേക്ഷാഫോം കണ്ണൂർ അർബൻ ഐ സി ഡി എസിൽ ലഭിക്കും. ഫോൺ: 04972708150

## ക്വട്ടേഷൻ ക്ഷണിച്ചു

**കണ്ണൂർ:** കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ വാഷിംഗ് ഏരിയയിൽ മേൽക്കൂര നിർമിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 28 ന് രാവിലെ 11 മണിവരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ www.gcek.ac.in ൽ ലഭിക്കും. ഫോൺ: 0497 2780225

കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വകുപ്പിന്റെ മൈക്രോ പ്രൊസസർ ആൻഡ് മൈക്രോ കൺട്രോളർ ലാബിലേക്ക് പത്ത് എസ് എം എഫ് ബാറ്ററി65 എ എച്ച് / 12 വോൾട്ട് വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഫെബ്രുവരി ആറിന് ഉച്ചയ്ക്ക് 12.30 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ www.gcek.ac.in ൽ ലഭിക്കും. ഫോൺ: 0497 2780226

ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിനു കീഴിൽ പാപ്പിനിശ്ശേരിയിൽ സ്ഥിതിചെയ്യുന്ന ഓടിട്ട പഴയ കെട്ടിടം പൊളിച്ച് ഓട്, മരം, കല്ല് എന്നിവ വിലയ്ക്കെടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 28ന് വൈകീട്ട് അഞ്ചുമണി വരെ സ്വീകരിക്കും. ഫോൺ: 0497 2700057

## ഐ ഐ ഐ സി യിൽ സൗജന്യ പരിശീലനം

**കൊല്ലം:** ചവറ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ 200 വിദ്യാർഥികൾക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനത്തിന് അപേക്ഷിക്കാം. പത്താം ക്ലാസ് വിജയിച്ചവർക്കുള്ള കൺസ്ട്രക്ഷൻ ലബോറട്ടറി ആൻഡ് ഫീൽഡ് ടെക്നീഷ്യൻ ലെവൽ 4, അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ ലെവൽ 3, പ്ലസ് വൺ വിജയിച്ചവർക്കുള്ള എക്സ്കവേറ്റർ ഓപ്പറേറ്റർ ലെവൽ 4, മെക്കാനിക് ഹൈഡ്രോളിക് ലെവൽ 4, പ്ലസ് ടു വിജയിച്ചവർക്കുള്ള പ്ലംബർ ജനറൽ ലെവൽ 4 എന്നിവയിലാണ് പരിശീലനം. ഒബിസി വിഭാഗക്കാർക്ക് അപേക്ഷിക്കാം. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ഒരു വിദ്യാർഥിക്ക് ഫീസിനത്തിൽ 25000 രൂപ വകുപ്പ് ഐ ഐ ഐ സിക്ക് അനുവദിക്കും.

യോഗ്യത തെളിയിക്കുന്ന അസൽ രേഖ, വരുമാന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയുമായി കൊല്ലം ചവറ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ ഹാജരാകണം. അവസാന തീയതി ജനുവരി 31. ഫോൺ : 8078980000. വെബ്സൈറ്റ് : www.iiic.ac.in.

## കായംകുളം ഗവ. ഐടിഐയിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

**കായംകുളം:** ഗവ. ഐടിഐയിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഒരു ഒഴിവിലേക്ക് ഓപ്പൺ വിഭാഗത്തിൽ നിന്നും ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം നടത്തുന്നു.

യോഗ്യത കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസ്സിസ്റ്റന്റ് ട്രേഡിൽ എൻ.റ്റി.സിയും, മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം അല്ലെങ്കിൽ എൻ.എ.സിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ കമ്പ്യൂട്ടർ എഞ്ചിനിയറിംഗ്/കമ്പ്യൂട്ടർ സയൻസ്/ഇൻഫർമേഷൻ ടെക്നോളജിയിൽ മൂന്ന് വർഷത്തെ ഡിപ്ലോമ അല്ലെങ്കിൽ യു.ജി.സി അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പിജിഡിസിഎ/എൻഐഇഎൽഐടി എ ലെവൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ഇൻഫർമേഷൻ ടെക്നോളജി എഞ്ചിനിയറിംഗിൽ ഡിഗ്രിയും/അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ഇൻഫർമേഷൻ ടെക്നോളജി എന്നിവയിൽ പോസ്റ്റ് ഗ്രാജുവേഷൻ.

നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ ജനുവരി 24ന് ശനിയാഴ്ച്ച രാവിലെ 11ന് അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് കായംകുളം ഗവ. ഐ.ടി.ഐ പ്രിൻസിപ്പൽ മുമ്പാകെ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും ആധാർ കാർഡും അവയുടെ പകർപ്പുകളുമായി ഹാജരാകണം. ഫോൺ: 04792442900.




# സ്റ്റൗക്രാഫ്റ്റ് പീജിയൺ ഇലക്ട്രിക് ഇടിയപ്പം മേക്കർ പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര അടുക്കള ഉപകരണ ബ്രാൻഡുകളിലൊന്നായ സ്റ്റൗവ്ക്രാഫ്റ്റ് പീജിയൺ ഇലക്ട്രിക് ഇടിയപ്പം മേക്കർ പുറത്തിറക്കി. പരമ്പരാഗത ശൈലികളിൽ നിന്ന് വ്യത്യസ്തമായി, ട്രിഗർപ്രസ് പ്രവർത്തനം, ബാറ്ററിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനം, സിടൈപ്പ് ചാർജിംഗ് എന്നിവ ഉൾക്കൊള്ളുന്ന സ്മാർട്ട്, ഇലക്ട്രിക് സൊല്യൂഷൻ വാഗ്ദാനം ചെയ്യുന്ന പുതിയ ഉപകരണം, കുറഞ്ഞ പരിശ്രമത്തിൽ ഏകീകൃത ഔട്ട്പുട്ട് നൽകുന്നു.

ദൈനംദിന ഉപയോഗത്തിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന സ്റ്റൗക്രാഫ്റ്റ് പീജിയൺ ഇലക്ട്രിക് ഇടിയപ്പം മേക്കർ, തയ്യാറാക്കൽ സമയവും ആയാസവും ഗണ്യമായി കുറയ്ക്കുന്നതിനൊപ്പം യഥാർത്ഥ രുചിയും ഘടനയും ഉറപ്പാക്കുന്നു. സാംസ്കാരിക പ്രസക്തി നഷ്ടപ്പെടാതെ എല്ലാ ദിവസവും പാചകം ലളിതമാക്കുക എന്നതാണ് സ്റ്റൗക്രാഫ്റ്റിലെ ഇന്നൊവേഷന്റെ ലക്ഷ്യമെന്ന് സ്റ്റൗക്രാഫ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ രാജേന്ദ്ര ഗാന്ധി പറഞ്ഞു.




# ലോക സാമ്പത്തിക ഫോറം: കേരളത്തിന്റെ നിക്ഷേപസാധ്യത ആഗോളവ്യവസായികൾക്കു മുന്നിൽ അവതരിപ്പിച്ചു

**തിരുവനന്തപുരം:** സ്വിറ്റ്സർലൻഡിലെ ദാവോസിൽ ആരംഭിച്ച ലോക സാമ്പത്തിക ഫോറത്തിൽ (ഡബ്ല്യു ഇഎഫ്) കേരളത്തിന്റെ ഉന്നത പ്രതിനിധി സംഘത്തെ നയിക്കുന്ന വ്യവസായ മന്ത്രി പി. രാജീവ് പ്രമുഖ വ്യവസായികളുമായി സംവദിച്ചു.

വിവിധ മേഖലകളിലുള്ള സംസ്ഥാനത്തിന്റെ വലിയ നിക്ഷേപ അവസരങ്ങളെ ആഗോളതലത്തിൽ അവതരിപ്പിക്കാൻ ലക്ഷ്യമിട്ടായിരുന്നു കൂടിക്കാഴ്ച.

വ്യാവസായിക മേഖലയിലെ ഭാവി നിക്ഷേപങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഇടമായി കേരളം ഉയർന്നുവന്നിട്ടുണ്ടെന്ന് പി. രാജീവ് പറഞ്ഞു. ഇത്തരം സാധ്യതകളെ സംയോജിപ്പിച്ച് പരമ്പരാഗത കയറ്റുമതി മേഖലയെ ആഗോളശൃംഖലയുടെ ഭാഗമാക്കാൻ കേരളത്തിന് സാധിക്കുമെന്നും രാജീവ് ചൂണ്ടിക്കാട്ടി.

പോളിഷ് കോൺഫെഡറേഷൻ ലെവിയാറ്റന്റെ ഡയറക്ടർ ജനറൽ മാൽഗോർസാറ്റ സ്രോസ്കോവ്സ്കഹോണുമായി മന്ത്രി കൂടിക്കാഴ്ച നടത്തി. പോളണ്ടിനും കേരളത്തിനും ഇടയിൽ സാമ്പത്തിക സഹകരണം കെട്ടിപ്പടുക്കുന്നതിനുള്ള ഒട്ടേറെ സാധ്യതകളുണ്ടെന്ന് രാജീവ് ചൂണ്ടിക്കാട്ടി. ഡ്രിപ്പ് കാപിറ്റലിൻറെ സിഇഒയും സഹസ്ഥാപകനുമായ പുഷ്കർ മുകേവാറുമായുള്ള ചർച്ചയിൽ കേരളത്തിലെ ചെറുകിട, ഇടത്തരം ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനും വിപണി ഉറപ്പാക്കുന്നതിനുമുള്ള സാധ്യതകൾ മന്ത്രി ചൂണ്ടിക്കാട്ടി. ട്രേഡ് എക്സ് കേരള 2026ൽ പങ്കെടുക്കുന്നതിൽ ഉൾപ്പെടെ കൂടുതൽ പങ്കാളിത്തത്തിന് ഡ്രിപ്പ് കാപിറ്റലിനെ ക്ഷണിക്കുന്നതായും രാജീവ് അറിയിച്ചു.

പ്യൂർ സ്ഥാപകയും വ്യവസായിയുമായ ഡോ. ഷൈല തല്ലൂരിയുമായുള്ള കൂടിക്കാഴ്ചയിൽ ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഒരു തൊഴിൽ ശക്തി കെട്ടിപ്പടുക്കുന്നതിനായി നൈപുണ്യ വികസനം, പ്രതിഭാ വികസനം, വ്യവസായഅക്കാദമിക് പങ്കാളിത്തം എന്നിവയിലെ സഹകരണവുമായി ബന്ധപ്പെട്ട് ചർച്ച നടന്നു.

സിൻഹാസ് ജിഎംബിഎച്ച് സ്ഥാപകനും സിഇഒയുമായ രാജീവ് സിൻഹയുമായുള്ള ആശയവിനിമയത്തിൽ കയറ്റുമതി സാധ്യതയുള്ള സുഗന്ധവ്യഞ്ജന ഭക്ഷ്യസംസ്കരണ മേഖലകളിലെ ചെറുകിട ഇടത്തരം സംരംഭങ്ങൾ, വിപണി പ്രവേശനം, ബ്രാൻഡിംഗ്, യൂറോപ്പിലുടനീളമുള്ള വിതരണം തുടങ്ങിയവ ചർച്ചയായി.

അഞ്ചുപേരടങ്ങുന്ന ഉന്നത പ്രതിനിധി സംഘത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, വ്യവസായ വാണിജ്യ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) മാനേജിംഗ് ഡയറക്ടർ പി. വിഷ്ണുരാജ്, വിവിധ വകുപ്പുകളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവരും ഉൾപ്പെടുന്നു.

## മകരസംക്രാന്തി: ക്യാമ്പയിൻ സംഘടിപ്പിച്ച് എബിസി

**കൊച്ചി:** വിളവെടുപ്പിന്റെ വരവറിയിച്ച് രാജ്യത്ത് മകരസംക്രാന്തി ആഘോഷമാക്കി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. പരമ്പരാഗത വിഭവങ്ങളും മധുരപലഹാരങ്ങളും തയ്യാറാക്കാൻ കുടുംബങ്ങൾ ഒത്തുചേരുമ്പോൾ, കാലിഫോർണിയ ബദാം ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ആഘോഷങ്ങളെ പോഷകസമൃദ്ധമാക്കാനുള്ള ഒരു അവസരം കൂടി ഈ കാലയളവ് വാഗ്ദാനം ചെയ്യുന്നുവെന്ന സന്ദേശമാണ് മകരസംക്രാന്തി ക്യാമ്പയിനിൽ എ.ബി.സി ഉയർത്തികാട്ടിയത്. പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ, ആന്റിഓക്സിഡന്റുകൾ എന്നിവയുടെ സവിശേഷമായ സങ്കലനമുള്ള ബദാം ശരീരത്തിന് കരുത്ത് നൽകാനും പ്രതിരോധശേഷി വർധിപ്പിക്കാനും സുസ്ഥിരമായ ഊർജം നൽകാനും സഹായിക്കും. ഉത്സവ വിഭവങ്ങളിൽ പോഷകസമ്പുഷ്ടമായ ബദാം ചേർക്കുന്നത് ആഘോഷവേളയിലെ അമിതഭക്ഷണം നിയന്ത്രിക്കാനും മൊത്തത്തിലുള്ള ആരോഗ്യം നിലനിർത്താനും സഹായിക്കുമെന്നും ക്യാമ്പയിൻ ചൂണ്ടിക്കാട്ടി. മകരസംക്രാന്തി ആഘോഷങ്ങളിൽ ഭക്ഷണത്തിന് വലിയ പ്രാധാന്യമുണ്ടെന്നും, എന്നാൽ ചേരുവകളിൽ വരുത്തുന്ന ചെറിയ മാറ്റങ്ങൾ ആരോഗ്യത്തിന് വലിയ ഗുണം ചെയ്യുമെന്നും ന്യൂഡൽഹി മാക്സ് ഹെൽത്ത് കെയറിലെ ഡയറ്ററ്റിക്സ് വിഭാഗം റീജ്യണൽ ഹെഡ് റിതിക സമദ്ദാർ പറഞ്ഞു. ശരീരത്തിന് പോഷണം നൽകുന്നതിനോടൊപ്പം ദോഷങ്ങളെ സന്തുലിതമാക്കാനും ബദാമിന് സാധിക്കുമെന്ന് ആയുർവേദ വിദഗ്ധയായ ഡോ. മധുമിത കൃഷ്ണൻ പറഞ്ഞു.



## ഇടപ്പള്ളി എളങ്കല്ലൂർ സ്വരൂപം ശ്രീമഹാഗണപതി ക്ഷേത്രത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഇ-കാണിക്ക

**കൊച്ചി:** ഇടപ്പള്ളി എളങ്കല്ലൂർ സ്വരൂപം ശ്രീ മഹാഗണപതി ക്ഷേത്രത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഇ-കാണിക്ക സംവിധാനം ഉദ്ഘാടനം ചെയ്തു. ക്ഷേത്രത്തിൽ ഭക്തർക്ക് കാണിക്കയർപ്പിക്കാൻ ഡിജിറ്റൽ സൗകര്യം ഉറപ്പാക്കുന്നതിനാണ് ബാങ്ക് ഈ സേവനം ഒരുക്കിയത്. ക്യു ആർ കോഡ് സ്കാൻ ചെയ്ത് ഭക്തർക്ക് ഇകാണിക്ക സമർപ്പിക്കാൻ ഇതിലൂടെ സാധിക്കും. ഉദ്ഘാടന ചടങ്ങിൽ എസ്ഐബി സീനിയർ ജനറൽ മാനേജർ & ബ്രാഞ്ച് ബാങ്കിംഗ് ഹെഡ് ബിജി എസ്.എസ്, സീനിയർ ജനറൽ മാനേജർ ആന്റ് സിഐഒ സോണി എ , എറണാകുളം റീജണൽ ഹെഡ് ടൈനു ഈഡൻ അമ്പാട്ട്, എംജി റോഡ് ക്ലസ്റ്റർ ഹെഡ് ഡേവിഡ് മഞ്ഞളി, ഇടപ്പള്ളി ബ്രാഞ്ച് ഹെഡ് ശ്രുതി എ.ആർ, ക്ഷേത്ര ട്രസ്റ്റിമാരായ ഡോ. സുബ്രഹ്മണ്യ രാജ, ഇന്ദിര രാജ എന്നിവർ പങ്കെടുത്തു.

## പഞ്ചാബ് നാഷണൽ ബാങ്ക് അറ്റാദായം മൂന്നാം പാദത്തിൽ 5,100 കോടി രൂപ കടന്നു

**ന്യൂഡൽഹി:** പ്രമുഖ പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി), 2025 ഡിസംബറിൽ അവസാനിച്ച മൂന്നാം പാദത്തിൽ 5,100 കോടി രൂപ അറ്റാദായം നേടി. മുൻവർഷത്തെ ഇതേ കാലയളവിലെ 4,508 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ, ബാങ്കിന്റെ ലാഭത്തിൽ 13.1 ശതമാനം വർധനവാണിത്.

ബാങ്കിന്റെ പ്രവർത്തന ലാഭം 13 ശതമാനം വർധിച്ച് 7,481 കോടി രൂപയായി ഉയർന്നു. മൊത്തം കിട്ടാക്കടം 4.09 ശതമാനത്തിൽ നിന്ന് 3.19 ശതമാനമായും, അറ്റ കിട്ടാക്കടം 0.32 ശതമാനമായും കുറഞ്ഞു.

ബാങ്കിന്റെ ആഗോള ബിസിനസ് 9.5 ശതമാനം വർധിച്ച് 28.92 ലക്ഷം കോടി രൂപയിലെത്തി. ആഗോള നിക്ഷേപം 16.6 ലക്ഷം കോടി രൂപയായും വായ്പകൾ 12.31 ലക്ഷം കോടി രൂപയായും ഉയർന്നു.

നിലവിൽ ബാങ്കിന് 10,261 ശാഖകളുണ്ട്. ഇതിൽ 63.3 ശതമാനവും ഗ്രാമീണഅർദ്ധ നഗര മേഖലകളിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ 11,109 എടിഎമ്മുകളും ബാങ്കിനുണ്ട്.

കാർഷിക അടിസ്ഥാന സൗകര്യ നിധി (എഐഎഫ്) പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവെച്ചതിന് ബാങ്കിന് വിവിധ പുരസ്കാരങ്ങളും ലഭിച്ചു.

# കേരളത്തിൽ മുഴുവൻ ജില്ലകളിലേക്കും 5ജി സേവനവുമായി വി

**കൊച്ചി:** സംസ്ഥാനത്തെ പ്രമുഖ ടെലികോം സേവനദാതാക്കളായ വി കേരളത്തിലെ എല്ലാ ജില്ലകളിലേക്കും തങ്ങളുടെ 5ജി സേവനങ്ങൾ വിപുലീകരിച്ചതായി വോഡഫോൺ ഐഡിയയുടെ കേരള ക്ലസ്റ്റർ ബിസിനസ് ഹെഡ് വി.ജോർജ് മാത്യു പറഞ്ഞു. ആലപ്പുഴ, കണ്ണൂർ, കളമശ്ശേരി, കാസർകോട്, കൽപ്പറ്റ, കൊച്ചി, കൊല്ലം, കോട്ടയം, കോഴിക്കോട്, മഞ്ചേരി, മലപ്പുറം, പാലക്കാട്, പത്തനംതിട്ട, തിരൂർ, തൃശൂർ, തൊടുപുഴ, തിരുവനന്തപുരം, വയനാട് എന്നിങ്ങനെ കേരളത്തിലെ 14 ജില്ലകളിലെയും പ്രധാന നഗരങ്ങളിൽ ഇപ്പോൾ വി 5ജി ലഭ്യമാണ്. സംസ്ഥാനത്തെ മറ്റു മേഖലകളിലേക്കും 5ജി നെറ്റ്വർക്ക് ഉടൻ വിപുലീകരിക്കുന്നതാണ് ഇതിലൂടെ നഗര മേഖലകളിലും വളരുന്ന പട്ടണങ്ങളിലുമുള്ള ഉപഭോക്താക്കൾക്ക് അടുത്ത തലമുറ കണക്റ്റിവിറ്റി ലഭ്യമാകുമെന്നും അദ്ദേഹം വ്യക്തമാക്കി. പ്രാരംഭ ഓഫറിന്റെ ഭാഗമായി കേരളത്തിലെ ഉപഭോക്താക്കൾക്കായി 299 രൂപ മുതൽ ആരംഭിക്കുന്ന 5ജി പ്ലാനുകൾ അവതരിപ്പിച്ചു.

കേരളത്തിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും അതിവേഗ കണക്റ്റിവിറ്റിയും തടസ്സമില്ലാത്ത ഇന്റർനെറ്റും ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തുടനീളം 5ജി നെറ്റ് വർക്ക് കപ്പാസിറ്റിയും കമ്പനി ഗണ്യമായി വർദ്ധിപ്പിച്ചു. അതിവേഗ ഡൗൺലോഡിംഗ്, തടസ്സമില്ലാത്ത 4കെ വീഡിയോ സ്ട്രീമിംഗ്, ലാഗ് ഇല്ലാത്ത ഗെയിമിംഗിനും തത്സമയ ആശയവിനിമയത്തിനും ആവശ്യമായ കുറഞ്ഞ ലേറ്റൻസി എന്നിവ ഉറപ്പാക്കാൻ വിയുടെ മെച്ചപ്പെടുത്തിയ നെറ്റ് വർക്ക് കപ്പാസിറ്റി സഹായിക്കുന്നു. ഇത് ഇൻറർനെറ്റ് അനുഭവങ്ങളെ തടസ്സമില്ലാത്തതും ഉയർന്ന നിലവാരമുള്ളതുമാക്കി മാറ്റുമെന്നും അദ്ദേഹം വ്യക്തമാക്കി. 5ജി വിപുലീകരണത്തിനൊപ്പം കൂടുതൽ വിപുലമായ കവറേജും വേഗമേറിയ ഡാറ്റാ സ്പീഡും മികച്ച കസ്റ്റമർ എക്സ്പീരിയൻസും നൽകുന്നതിനായി കേരളത്തിലെ തങ്ങളുടെ 4ജി ശൃംഖലയും വി ഗണ്യമായി ശക്തിപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടെ 900 മെഗാഹെർട്സ്, 1800 മെഗാഹെർട്സ്, 2100 മെഗാഹെർട്സ് സ്പെക്ട്രം ബാൻഡുകളിലായി 3500 ലധികം പുതിയ 4ജി സൈറ്റുകൾ കമ്പനി സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തുടനീളം കെട്ടിടങ്ങൾക്കുള്ളിലും പുറത്തും മികച്ച നെറ്റ്വർക്ക് സേവനങ്ങൾ ഉറപ്പാക്കുന്നു. ഈ നീക്കത്തിന്റെ തുടർച്ചയായി നെറ്റ് വർക്ക് കപ്പാസിറ്റിയും ബാൻഡ്വിഡ്ത്തും കൂടുതൽ വർധിപ്പിക്കുന്നതിനായി വരും മാസങ്ങളിൽ കൂടുതൽ സൈറ്റുകൾ സ്ഥാപിക്കാൻ വി പദ്ധതിയിടുന്നതായും വി. ജോർജ് മാത്യു പറഞ്ഞു.

# ആർആർ കാബെൽ കാബെൽ സ്റ്റാർ സീസൺ 4 വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഉപഭോക്തൃ ഇലക്ട്രിക്കൽ, വയർ, കേബിൾ നിർമ്മാതാക്കളായ ആർ ആർ കാബെൽ, 2025ലെ കാബെൽ സ്റ്റാർ സ്കോളർഷിപ്പ് പ്രോഗ്രാമിന്റെ വിജയികളെ പ്രഖ്യാപിച്ചു. വ്യവസായ രംഗത്തെ പ്രമുഖ സംരംഭമായ സ്കോളർഷിപ്പ് പ്രോഗ്രാം, ഈ വർഷം പത്താം ക്ലാസ് പരീക്ഷ വിജയകരമായി പൂർത്തിയാക്കിയ ഇലക്ട്രീഷ്യൻമാരുടെ കുട്ടികൾക്കായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ഈ വർഷത്തെ വിജയികൾക്ക് പുറമേ, കാബെൽ സ്റ്റാർ സ്കോളർഷിപ്പ് പ്രോഗ്രാം സീസൺ 2 ലെ മികച്ച വിദ്യാർത്ഥികളെയും ചടങ്ങിൽ ആദരിക്കുകയും അവർക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയും ചെയ്തു. അപേക്ഷകരുടെ എണ്ണത്തിൽ ശ്രദ്ധേയമായ വർധനവ് ഉണ്ടായ കാബെൽ സ്റ്റാർ സ്കോളർഷിപ്പ് പ്രോഗ്രാമിന്റെ നാലാം സീസണിൽ രാജ്യവ്യാപകമായി ഏകദേശം 1,000 വിജയികളിൽ കൊച്ചിയിൽ നിന്നുള്ള 54 വിജയികളെ എംജി റോഡിലെ ഇംപീരിയൽ റീജൻസിയിൽ നടന്ന പ്രത്യേക ചടങ്ങിൽ ആദരിച്ചു. കാബെൽ സ്റ്റാർ സ്കോളർഷിപ്പിലൂടെ സാമ്പത്തിക സഹായം മാത്രമല്ല, തലമുറകളുടെ ജീവിതത്തെ മാറ്റാൻ കഴിയുന്ന സാധ്യതകളിലേക്കുള്ള വാതിലുകൾ തുറക്കുക കൂടിയാണ് ചെയ്യുന്നതെന്ന് ആർആർ ഗ്ലോബൽ ഡയറക്ടർ കീർത്തി കബ്ര പറഞ്ഞു.

# ഐഡിബിഐ ബാങ്കിന്റെ ലാഭം 1,935 കോടിയായി

**കൊച്ചി :**2025-26 സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിൽ ഐഡിബിഐ ബാങ്ക് 1,935 കോടി ലാഭം റിപ്പോർട്ട് ചെയ്തു. മുൻ വർഷം ഇതേ പാദത്തിൽ ബാങ്കിന്റെ ലാഭം 1,908 കോടി ആയിരുന്നു. മറ്റ് വരുമാനത്തിൽ ഉണ്ടായ വൻ വർധന, എൻപിഎ (അനിഷ്ട വായ്പ) പ്രവിശനുകളിൽ നിന്നുള്ള ഉയർന്ന റൈറ്റ്ബാക്ക്, നികുതി ചെലവിലെ കുറവ് എന്നിവയാണ് ലാഭം ഉയരാൻ സഹായകമായത്. നെറ്റ് പലിശ വരുമാനം വർഷാന്തര അടിസ്ഥാനത്തിൽ 24 ശതമാനം ഇടിഞ്ഞ് 3,209 കോടിയായി. ഫീസ് അടിസ്ഥാനത്തിലുള്ള വരുമാനം, ട്രഷറി വരുമാനം, എഴുതിത്തള്ളിയ അക്കൗണ്ടുകളിൽ നിന്നുള്ള വീണ്ടെടുപ്പ് എന്നിവ ഉൾപ്പെടുന്ന മറ്റ് വരുമാനം 61 ശതമാനം ഉയർന്ന് 1,209 കോടിയായി. എൻപിഎ പ്രവിശനുകളിൽ നിന്ന് 603 കോടി റൈറ്റ്ബാക്ക് ലഭിച്ചു. വരുമാന നികുതി ചെലവ് 28 ശതമാനം കുറച്ച് 523 കോടിയായി.

# വനിതാ യാത്രികർക്കായി സുരക്ഷാ അവതരിപ്പിച്ച് മേക്ക് മൈ ട്രിപ്പ്

**കൊച്ചി:** വനിതാ യാത്രികർക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ യാത്രാ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നതിനായി മേക്ക് മൈ ട്രിപ്പ് താമസവും ഇന്റർസിറ്റി ബസ് ബുക്കിംഗും ഉൾപ്പെടെ വനിതാ കേന്ദ്രീകൃത സുരക്ഷാആശ്വാസ സൂചനകൾ അവതരിപ്പിച്ചു. റിവ്യൂകൾ, മാപ്പുകൾ, സ്ട്രീറ്റ് വ്യൂ, അതിഥികൾ അപ്‌ലോഡ് ചെയ്യുന്ന ചിത്രങ്ങൾ എന്നിവ സ്ത്രീകൾ കൂടുതൽ ശ്രദ്ധയോടെ പരിശോധിക്കുന്നുവെന്ന പ്ലാറ്റ്ഫോം ഡാറ്റയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ സംവിധാനം. സാങ്കേതികവിദ്യയും ഉപയോക്തൃ സൃഷ്ടിച്ച ഉള്ളടക്കവും പ്രയോജനപ്പെടുത്തി കൂടുതൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കി, ഇന്ത്യയിലുടനീളം വനിതകൾക്ക് സുരക്ഷിതവും അറിവ് അടിസ്ഥാനമാക്കിയതുമായ യാത്രാനുഭവം നൽകുകയാണ് മേക്ക് മൈ ട്രിപ്പിന്റെ ലക്ഷ്യമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് 360 പുറത്തിറക്കി

**കൊച്ചി:** മാതാപിതാക്കൾക്ക് അവരുടെ കുട്ടികളുടെ ഭാവിയിലെ സുപ്രധാന ലക്ഷ്യങ്ങൾ കൃത്യതയോടെ ആസൂത്രണം ചെയ്യാൻ സഹായിക്കുന്ന ദീർഘകാല സമ്പാദ്യ പദ്ധതിയായ 'ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് 360' അവതരിപ്പിച്ചു. ഐസിഐസിഐ പ്രു സ്മാർട്ട്കിഡ് 360യിലൂടെ ഉപഭോക്താക്കൾക്ക് ക്രമബദ്ധമായി സമ്പാദ്യം കെട്ടിപ്പടുക്കാനും കുട്ടിയുടെ സ്കൂൾ വിദ്യാഭ്യാസം, ഉന്നത പഠനം, പ്രായപൂർത്തിയായ കാലഘട്ടത്തിലെ ലക്ഷ്യങ്ങൾ എന്നിവയോടനുബന്ധിച്ച് മുൻകൂട്ടി നിശ്ചിത തുകകൾ ലഭിക്കാനുള്ള സൗകര്യം നൽകുന്നുവെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രോഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറഞ്ഞു. ഇത്തരം സാമ്പത്തിക ആവിശ്യങ്ങൾ നിറവേറ്റാൻ ഉപഭോക്താക്കളെ സജ്ജരാക്കുന്ന രീതിയിലാണ് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ പറഞ്ഞു.

ഉപഭോക്താക്കളുടെ ഇഷ്ടപ്രകാരം തിരഞ്ഞെടുത്ത ഓരോ ഘട്ടത്തിലും ഒരേ തോതിൽ ലഭിക്കുന്ന തുക അല്ലെങ്കിൽ കുട്ടിയുടെ പ്രായം കൂടുന്നതിനനുസരിച്ചുള്ള സാമ്പത്തിക ആവശ്യങ്ങൾ മുൻനിർത്തി അവസാന ഘട്ടങ്ങളിൽ കൂടുതൽ തുക ലഭിക്കുന്ന രീതിയോ അല്ലെങ്കിൽ സ്കൂൾ കാലഘട്ടങ്ങളിൽ ആവശ്യമനുസരിച്ച് ഉയർന്ന തുക എന്ന രീതിയോ തിരഞ്ഞെടുക്കാം. ഉദാഹരണത്തിന് ഒന്നുകിൽ രക്ഷിതാവിന് മൂന്നോ നാലോ ഘട്ടങ്ങളിലായി തുല്യമായ തുക കൈപ്പറ്റാം, അല്ലെങ്കിൽ സ്കൂൾ വിദ്യാഭ്യാസ കാലത്ത് കുറഞ്ഞ തുകയും കോളേജ്, ഉപരിപഠന കാലയളവിൽ ഉയർന്ന തുകയും ലഭിക്കുന്ന രീതിയിൽ ഇത് ക്രമീകരിക്കാമെന്നും അദ്ദേഹം വ്യക്തമാക്കി.

# ബോർഡർപ്ലസ് എഐ പവേഡ് നേഴ്സ് കമ്പാനിയൻ അവതരിപ്പിച്ചു

**കൊച്ചി:** ആഗോള തലത്തിൽ തൊഴിലവസരം തേടുന്ന, ജർമനിയിൽ പോകുന്ന ഉദ്യോഗാർഥികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി എഐ പവേഡ് നേഴ്സ് കമ്പാനിയൻ ആരംഭിച്ചിരിക്കുകയാണ് അന്താരാഷ്ട്ര കരിയർ മൊബിലിറ്റി പ്ലാറ്റ്ഫോമായ ബോർഡർപ്ലസ്. കൊച്ചിയിൽ നടന്ന ജർമൻ നേഴ്സിംഗ് കരിയർ ഫെയറിലാണ് എഐ അധിഷ്ഠിത നഴ്സ് കമ്പാനിയൻ ഔദ്യോഗികമായി അവതരിപ്പിച്ചത്. ഈ പ്രഖ്യാപനം, കേരളത്തിലെ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ജർമനിയിൽ ഉൾപ്പെടെയുള്ള ആഗോള നഴ്സിംഗ് കരിയറുകളെ കുറിച്ച് വ്യക്തവും വ്യക്തിഗതവും വിശ്വസനീയവുമായ മാർഗനിർദേശങ്ങൾ നൽകുന്നതിൽ പ്രധാന പങ്കുവഹിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663